പതിനാലാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3723 — 11.12.2018 ൽ മറുപടിയ്ക്ക്

## നിലക്കൽ-പമ്പ സർവ്വീസിന് ഈടാക്കുന്ന അമിത ചാർജ്ജ്

| ചോദ്യം<br>ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>,, വി.ഡി.സതീശൻ<br>,, കെ.എസ്.ശബരീനാഥൻ<br>,, വി.പി.സജീന്ദ്രൻ | | മറുപടി<br>ശ്രീ.എ.കെ.ശശീന്ദ്രൻ<br>(ഗതാഗത വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | ശബരിമല മണ്ഡല-മകര വിളക്ക് തീർത്ഥാടനത്തോടനുബന്ധിച്ച് നിലക്കൽ -പമ്പ സർവ്വീസിന് കെ.എസ്.ആർ.ടി.സി. ബസ് ചാർജ്ജ് കൂട്ടിയത് എന്തടിസ്ഥാനത്തി ലാണെന്ന് വിശദീകരിക്കാമോ; | (എ) | ശബരിമല മണ്ഡല-മകരവിളക്ക് തീർത്ഥാടനത്തോ ടനുബന്ധിച്ച് നിലക്കൽ-പമ്പ സർവ്വീസിൽ അമിത ചാർജ്ജ് ഈടാക്കുന്നില്ല. സ്റ്റേജ് ക്യാരേജുകളുടെ നിരക്ക് സംബന്ധിച്ച് സർക്കാർ നിയോഗിച്ച ജസ്റ്റീസ് രാമചന്ദ്രൻ കമ്മിറ്റിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാന ത്തിലാണ് സർക്കാർ സ്റ്റേജ് ക്യാരേജുകളുടെ നിരക്ക് വർദ്ധിപ്പിച്ചിട്ടുള്ളത്. ടി ഉത്തരവിൽ ഗാട്ട് സെക്ടറിൽ കൂടുതൽ നിരക്ക് ഈടാക്കുവാൻ അനുമതി നൽകി യിട്ടുണ്ട്. കൂടാതെ സർക്കാർ ഉത്തരവിൻ പ്രകാരം ഉത്സവകാലത്ത് നടത്തുന്ന സർവ്വീസുകൾക്ക് പ്രത്യേക നിരക്കുകൾ ഈടാക്കുവാനും വ്യവസ്ഥയുണ്ട്. ടി വ്യവസ്ഥകൾ പ്രകാരമാണ് നിലയ്ക്കൽ-പമ്പ സർവ്വീ സിന് നിരക്ക് കണക്കാക്കിയിരിക്കുന്നത്. ആയതി നാൽ നിയമാനുസൃതമായ നിരക്കുകൾ മാത്രമാണ് പ്രസ്തുത റൂട്ടിൽ ഈടാക്കി വരുന്നത്. |
| (ബി) | ശബരിമലയിൽ അമിതമായ ബസ് ചാർജ്ജ് ഈടാക്കുന്നത് മൗലികാവകാശങ്ങളുടെ ലംഘനമാണെന്ന് സ്പെഷ്യൽ കമ്മീഷണർ ഹൈക്കോടതിയിൽ സമർപ്പിച്ച റിപ്പോർട്ടിൽ പരാമർശിച്ചിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടി ട്ടുണ്ടോ; | (ബി) | നിലയ്ക്കൽ-പമ്പ ചെയിൻ സർവ്വീസിന്റെ നിരക്ക് വർദ്ധനവുമായി ബന്ധപ്പെട്ട് W.P (C) No. 31125/2018 പ്രകാരം ഹൈക്കോടതി ഡിവിഷൻ ബഞ്ച് കെ.എസ്.ആർ.ടി.സി ചെയർമാൻ ആന്റ് മാനേജിംഗ് ഡയറക്ടറെ കോടതിയിൽ വിളിച്ചുവരുത്തി വാദങ്ങൾ കേട്ട് നിരക്ക് വർദ്ധനവ് ശരിവയ്ക്കുകയുണ്ടായി. |
| (സി) | നിലക്കൽ-പമ്പ സർവ്വീസിന് ഈടാക്കുന്ന അമിത ചാർജ്ജ് പിൻവലിക്കാൻ ഉദ്ദേശിക്കുന്നു ണ്ടോയെന്ന് വ്യക്തമാക്കുമോ? | (സി) | അമിത ചാർജ്ജ് ഈടാക്കാത്തതിനാൽ പിൻവലിക്കാൻ ഉദ്ദേശിക്കുന്നില്ല. |

സെക്ഷൻ ഓഫീസർ